# NuMATS ഉപജില്ലാതല പരീക്ഷ 2017–2018

## മാതൃകാ ചോദ്യപേപ്പർ – 15

### ഭാഗം: എ

### ക്വിസ്

**സമയം: 30 മിനിട്ട്**

**സ്കോർ – 10**

**നിർദ്ദേശങ്ങൾ:**

- **ഓരോ ചോദ്യത്തിന്റെയും ഉത്തരം കുട്ടികൾ കടലാസിൽ എഴുതണം. ഈ കടലാസ് വാങ്ങി വയ്ക്കണം.**
- **ഓരോ കുട്ടിക്കും കിട്ടിയ ആകെ സ്കോർ ബോർഡിൽ പ്രദർശിപ്പിക്കണം. (സ്ഥാനങ്ങൾ പ്രഖ്യാപിക്കേണ്ടതില്ല)**

1. 1 മുതൽ തുടർച്ചയായ 50 ഒറ്റസംഖ്യകളുടെ ശരാശരി എത്ര?
2. 7 * 35, 9 ന്റെ ഗുണിതമായ 4 അക്കസംഖ്യ ആണെങ്കിൽ * എത്ര?
3. 2 കി. ഗ്രാം ന്റെ ഒരു കേക്ക് 5 തുല്യ കഷണങ്ങളാക്കി. അതിലോരോ കഷണത്തെയും വീണ്ടും പകുതിയാക്കിയാൽ ഓരോ കഷണത്തിന്റെയും ഭാരം എത്ര?
4. 3:30 സമയം ആകുമ്പോൾ ക്ലോക്കിലുണ്ടാകുന്ന കോണളവ് എത്ര?
5. ശ്രേണിയിലെ അടുത്ത സംഖ്യ ഏത്?

   2, 6, 14, 30, ..........
6. 33.33 ഈ സംഖ്യയിലെ വലത്തെ അറ്റത്തെ അക്കത്തിന്റെ എത്ര മടങ്ങാണ് ഇടത്തെ അറ്റത്തെ അക്കം?
7. ഒരു ചതുരത്തിന്റെ പരപ്പളവ് 80 ച. സെ.മീ. ഈ ചതുരത്തിന്റെ നീളം 3 മടങ്ങ് കൂട്ടുകയും വീതി $\frac{1}{3}$ ഭാഗം കുറയ്ക്കുകയും ചെയ്താൽ പരപ്പളവ് എത്ര?
8. $\frac{1}{1000}$ –ന്റെ ദശാംശ രൂപമെത്ര?
9. തുടർച്ചയായ 3 സംഖ്യകളുടെ തുക 99 ആയാൽ ചെറിയ സംഖ്യയേത്?
10. ഒരു സമചതുരക്കട്ടയിൽ 27 ചെറിയ കട്ടകൾ ഉണ്ട്. ഇതിന്റെ എല്ലാ വശവും പെയിന്റ് ചെയ്താൽ ഒരു വശത്തും പെയിന്റടിക്കാത്ത എത്ര ചെറിയ കട്ടകൾ ഉണ്ടാകും?

### ഭാഗം: ബി

### കുറിപ്പ് തയാറാക്കുക

**സമയം: 30 മിനിട്ട്**

**സ്കോർ – 10**

**വിഷയം: ഘടകങ്ങൾ**

## ഭാഗം: സി

## പ്രായോഗിക പരീക്ഷ

ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക.


**സമയം: 30 മിനിട്ട്**

**സ്കോർ – 15**

**നിർദ്ദേശങ്ങൾ: (അദ്ധ്യാപകർക്ക്)**

- **ചോദ്യപേപ്പറിൽ കാണുന്ന ചിത്രത്തിൽ തന്നിരിക്കുന്ന അതേ അളവുകളിൽ ഒരു ചിത്രം കുട്ടികൾ വരയ്ക്കണം / നിർമ്മിക്കണം ഇതിനായി ചിത്രം എല്ലാ കുട്ടികളും കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണം. ആവശ്യമെങ്കിൽ ചാർട്ട് വരച്ച് കാണിക്കണം.**
- **ചിത്രം വരയ്ക്കുന്നതിന് / നിർമ്മിക്കുന്നതിന് മുമ്പോ അതിന് ശേഷമോ വരയ്ക്കുന്ന രീതിയെക്കുറിച്ച് ഒരു വിശദീകരണ കുറിപ്പ് കുട്ടികൾ തയ്യാറാക്കണം. അതിനുള്ള നിർദേശം നൽകണം. ഇത് ഒരു കടലാസിൽ എഴുതി വാങ്ങണം.**
- **ചിത്രം വരയ്ക്കുന്നതിനും അളവുകൾ അളന്നെഴുതുന്നതിനും നിർദേശം നൽകണം.**

1. താഴെ കൊടുത്തിരിക്കുന്ന ചിത്രം വരയ്ക്കുന്നതെങ്ങനെയെന്ന് കുറിപ്പ് തയ്യാറാക്കുക. ഇഷ്ടമുള്ള അളവിൽ ചിത്രം വരയ്ക്കുക.



2. ചതുരാകൃതിയിലുള്ള ഒരു ചിത്രം പ്രദർശിപ്പിക്കുക. ഇത് ഫ്രെയിം ചെയ്യാനാവശ്യമായ ഫ്രെയിമിന്റെ അളവ് കണ്ടുപിടിക്കുക.
3. വശങ്ങളുടെയെല്ലാം നീളം 10 സെ.മീ. ആയ ഒരു ക്യൂബ് നിർമ്മിക്കുക. (മാതൃക നൽകണം)

## ഭാഗം: ഡി

## പ്രശ്നാപഗ്രഥന ചോദ്യങ്ങൾ

**സമയം: 30 മിനിട്ട്**

**സ്കോർ – 15**

**നിർദ്ദേശങ്ങൾ:**

- **ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്കാണ് ഉത്തരം എഴുതേണ്ടത്.**
- **കുട്ടി ഉത്തരത്തിലെത്തിച്ചേർന്ന വഴി ഉത്തര കടലാസിൽ എഴുതേണ്ടതാണ്.**
- **ഉത്തരത്തിലെത്തിച്ചേർന്ന ഓരോ ഘട്ടവും സൂക്ഷ്മമായി വിലയിരുത്തി സ്കോർ നൽകേണ്ടതാണ്.**

1. ചതുരാകൃതിയിലുള്ള കുളത്തിന് 25 മീ. നീളവും 20 മീ. വീതിയും 2 മീ. ആഴവും വേണം. ഇതിന്റെ നിർമ്മാണത്തിന് മണ്ണ് 2 മീ. നീളവും 2 മീ. വീതിയും 1 മീ ഉയരമുള്ള പെട്ടികളിൽ നീക്കം ചെയ്താൽ എത്ര പെട്ടി മണ്ണ് ഉണ്ടാകും.

2. ഒരു വാട്ടർ ടാങ്കിലേയ്ക്ക് 2 പൈപ്പുകൾ ബന്ധിപ്പിച്ചിരിക്കുന്നു. ഒന്നാമത്തെ പൈപ്പിലൂടെ മാത്രം വെള്ളം വന്നാൽ 10 മിനിട്ടുകൊണ്ടും രണ്ടാമത്തെ പൈപ്പിലൂടെ മാത്രം വെള്ളം വന്നാൽ 15 മിനിറ്റുകൊണ്ടും ടാങ്ക് നിറയും. 2 പൈപ്പുകളിലൂടെയും ഒരേ സമയം വെള്ളം വന്നാൽ ടാങ്ക് എത്ര സമയം കൊണ്ട് നിറയും?

3. 5 കുട്ടികളുടെ ശരാശരി ഭാരം 32 കി. ഗ്രാം ആണ്. ഒരാൾകൂടി അവരുടെ ഗ്രൂപ്പിലേയ്ക്ക് വന്നപ്പോൾ ശരാശരി ഭാരം 33 കി. ഗ്രാം ആയി മാറി. വീണ്ടും ഒരാൾ കൂടി വന്നപ്പോൾ ശരാശരി ഭാരം 31 കി.ഗ്രാം ആയി കുറഞ്ഞു. അവസാനം വന്ന കുട്ടിയുടെ ഭാരമെന്ത്?

4. 10 മീ. നീളമുള്ള റിബണിൽ നിന്ന് $\frac{3}{4}$ മീറ്റർ വീതം 6 കുട്ടികൾക്കായും $\frac{1}{2}$ മീറ്റർ വീതം 6 കുട്ടികൾക്കായും മുറിച്ചുകൊടുത്തു. മിച്ചമുള്ള റിബണിന്റെ നീളമെത്ര?

For more study materials send SMS - 8547378281 to join BIO-VISION'S whatsapp / Telegram group